"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) കാര്യാലയത്തിൽ തെരുവ് കച്ചവടക്കാരുടെ തർക്ക പരാതി പരിഹാരത്തിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സെക്രട്ടേറിയൽ ഓഫീസ് പ്രവർത്തിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.763/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 12.03.2018 തീയതിയിലെ സ.ഉ.(പി) നം. 15/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 14.03.2018 തീയതിയിലെ എസ്.ആർ.ഒ. 148/2018 നമ്പർ വിജ്ഞാപനം
2. 27.05.2020 തീയതിയിലെ സ.ഉ.(സാധാ) 991/2020/ തസ്വഭവ നമ്പർ ഉത്തരവ്
3. 29.09.2020 തീയതിയിലെ സ.ഉ.(സാധാ) 1769/2020 തസ്വഭവ നമ്പർ ഉത്തരവ്
4. 24.05.2023 തീയതിയിലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4291/എഫ്/2020/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും, തെരുവ് കച്ചവട ചട്ടം 2018 ലെ അദ്ധ്യായം (3) പ്രകാരം തെരുവ് കച്ചവടക്കാരുടെ തർക്ക പരാതി പരിഹാരത്തിനായി റിട്ട. ജില്ല ജഡ്ജി ചെയർമാനായി മൂന്നംഗ സംസ്ഥാനതല തർക്ക പരാതി പരിഹാര സമിതി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റിയുടെ കാലാവധി മൂന്ന് വർഷത്തേക്കോ, അല്ലെങ്കിൽ സർക്കാർ പുതിയ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം റിട്ട. ജില്ലാ ജഡ്ജി ആയ ശ്രീ. എം. എ. നിസാർ, കണ്ണൂർ ചെയർമാനായി മൂന്നംഗ സംസ്ഥാനതല തർക്ക പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തെരുവ് കച്ചവടക്കാരുടെ തർക്ക പരാതി പരിഹാര കമ്മിറ്റി ചെയർമാന്റെ

അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം നിലവിൽ കമ്മിറ്റിയുടെ ആസ്ഥാനമായി പ്രവർത്തിക്കുന്നത് നിലവിലെ കമ്മിറ്റി ചെയർമാന്റെ വസതിയാണ്. പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച പ്രസ്തുത ചട്ടത്തിലെ അദ്ധ്യായം 3 ലെ ചട്ടം "26. **Secretariat assistance to the Grievance Redressal and Dispute Resolution Committee.** എന്ന ശീർഷകത്തിൽ താഴെ പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

***The Office of State Poverty Eradication Mission (SPEM) shall act as the Secretarial office of the Committee. The Executive Director, Kudumbashree shall facilitate the office space for holding sitting and shall assist the Committee for holding sitting of the Committee and provide adequate staff for the effective functioning of the Committee. The expenditure including the honorarium and such other establishment expenditure shall be borne by the SPEM.***

3. നിലവിലെ കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്നതിനാൽ പുതിയ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (1) ലെ ചട്ടം (26) പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) ടി കമ്മിറ്റിയുടെ സെക്രട്ടേറിയൽ ഓഫീസായി പ്രവർത്തിക്കുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(4) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വഴിയോര കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) പ്രസ്തുത ചട്ടത്തിലെ അദ്ധ്യായം 3 ലെ ചട്ടം 26 പ്രകാരം, ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) ടി കമ്മിറ്റിയുടെ സെക്രട്ടേറിയൽ ഓഫീസായി പ്രവർത്തിക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതിനും ഹോണറേറിയം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വേണ്ട തുക കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
ഡയറക്ടർ(റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ(അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്I /ആഡിറ്റ് II), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 15-03-2026 14:41:20

പകർപ്പ്:-

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്